2024
AUGUST
13
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






## ഹിൻഡൻബർഗ് ആവിയായി; ഓഹരി സൂചികകൾ ശക്തമായി തിരിച്ചുകയറി

**കൊച്ചി:** അദാനി ഗ്രൂപ്പിനും സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യ (സെബി) മേധാവി മാധബി പുരി ബുച്ചിനുമെതിരേ ആഗോള ഊഹക്കച്ചവട സ്ഥാപനമായ ഹിൻഡൻബർഗ് പുറത്തുവിട്ട ഗവേഷണ റിപ്പോർട്ട് ഓഹരി വിപണിയെ ബാധിച്ചില്ല. തുടക്കത്തിൽ കനത്ത നഷ്ടം നേരിട്ട ഓഹരി സൂചികകൾ പിന്നീട് ശക്തമായി തിരിച്ചുകയറി. സെൻസെക്സ് 56.99 പോയിൻറ് നഷ്ടത്തോടെ 79,648.92ൽ വ്യാപാരം അവസാനിപ്പിച്ചു. നിഫ്റ്റി 20.5 പോയിൻറ് കുറഞ്ഞ് 24,347ൽ എത്തി. ബാങ്കിങ് ഓഹരികളിലുണ്ടായ വാങ്ങൽ താത്പര്യമാണ് പ്രധാനമായും വിപണിക്ക് ഗുണമായത്. അദാനി കുടുംബവുമായി ബന്ധമുള്ള വിദേശ സ്ഥാപനങ്ങൾക്ക് മാധബി പുരിക്കും ഭർത്താവിനും നിക്ഷേപമുണ്ടെന്നാണ് കഴിഞ്ഞ ദിവസം ഹിൻഡൻബർഗ് വെളിപ്പെടുത്തിയത്.

ഹിൻഡൻബർഗിൻറെ ആദ്യ വെളിപ്പെടുത്തലിനെ തുടർന്ന് ഇന്ത്യൻ വിപണിയും അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരികളും കനത്ത തകർച്ച നേരിട്ടിരുന്നു. എന്നാൽ പുതിയ റിപ്പോർട്ട് വിപണി കാര്യമായി ഗൗനിച്ചില്ല. ഹിൻഡൻബർഗ് റിപ്പോർട്ടിന് ശേഷമുള്ള ആദ്യ വ്യാപാര ദിനത്തിൽ അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി വിലയിൽ 0.5 ശതമാനം മുതൽ 4.5 ശതമാനം വരെ ഇടിവുണ്ടായി. തുടക്കത്തിൽ കനത്ത നഷ്ടം നേരിട്ടെങ്കിലും പിന്നീട് ഓഹരികൾ തിരിച്ചുകയറി. അദാനി എൻറർപ്രൈസസിൻറെ വില 1.1 ശതമാനവും അദാനി പോർട്ട്സ് 2.1 ശതമാനവും ഇടിവ് നേരിട്ടു. അദാനി ഗ്രൂപ്പ് കമ്പനികളുടെ വിപണി മൂല്യത്തിൽ തിങ്കളാഴ്ച 1000 കോടി ഡോളറിൻറെ കുറവുണ്ടായി.

ഉപഭോക്തൃ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 5 വർഷത്തെ കുറഞ്ഞ നിരക്കായ 3.54 ശതമാനമായി താഴ്ന്നു. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലയിലുണ്ടായ ഇടിവാണ് ഗുണമായത്. ജൂണിൽ നാണയപ്പെടുപ്പം 5.1 ശതമാനമായിരുന്നു. ഭക്ഷ്യ ഉത്പന്ന വിലസൂചിക ജൂണിലെ 9.36 ശതമാനത്തിൽ നിന്നും 5.42 ശതമാനമായി കുത്തനെ താഴ്ന്നു. ധാന്യങ്ങളുടെ വിലസൂചിക 8.14 ശതമാനമായും പഴവർഗങ്ങളുടെ സൂചിക 3.84 ശതമാനമായും താഴ്ന്നു. പച്ചക്കറി വിലയിലെ വർധന 6.83 ശതമാനമായി താഴ്ന്നു. അതേസമയം പയർവർഗങ്ങളുടെ വിലക്കയറ്റത്തോത്14.83 ശതമാനത്തിലാണ്.

# 50, 100 രൂപ മുദ്രപ്പത്രങ്ങൾ കിട്ടാക്കനി

# പരിഹാര നടപടിയില്ല: സർക്കാരിന് ഹൈക്കോടതി നോട്ടീസ്

**കൊച്ചി:** ആറു മാസമായി സംസ്ഥാനത്തു 50, 100 രൂപ മുദ്രപ്പത്രങ്ങൾക്കു കടുത്ത ക്ഷാമമുണ്ടായിട്ടും പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നില്ലെന്ന ഹർജിയിൽ സംസ്ഥാന സർക്കാരിനു ഹൈക്കോടതിയുടെ നോട്ടിസ്. ട്രഷറി ഡയറക്ടറും വകുപ്പ് സെക്രട്ടറിയും രണ്ടാഴ്ചയ്ക്കകം മറുപടി നൽകണം. ആക്ടിങ് ചീഫ് ജസ്റ്റിസ് എ.മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് സോഫി തോമസ് എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റേതാണു നടപടി. അഭിഭാഷകൻ പി.ജ്യോതിഷാണു ഹർജിയുമായി കോടതിയെ സമീപിച്ചത്. ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ആവശ്യത്തിനു പോലും സാധാരണക്കാർ 1000 രൂപയുടെ മുദ്രപ്പത്രങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണുള്ളതെന്നു ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ 6 മാസമായി 50, 100, 200, 500 രൂപ മുദ്രപ്പത്രങ്ങൾക്കു ക്ഷാമമാണ്.



വാടകക്കരാർ, ജനന സർട്ടിഫിക്കറ്റ് തുടങ്ങി സാധാരണക്കാർ ഏറ്റവുമധികം ഉപയോഗിക്കുന്ന, 100 രൂപ വരെയുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ല. അതിനാൽ അധിക മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ഉപയോഗിക്കാൻ സാധാരണക്കാരടക്കം നിർബന്ധിതരാകുന്നുവെന്നു ഹർജിയിൽ പറയുന്നു. മുദ്രപ്പത്രങ്ങൾ അച്ചടിക്കുമെന്നു പറഞ്ഞെങ്കിലും ഏതാനും മാസങ്ങളായി നാസിക്കിലെ പ്രസിൽ ഇതിനുള്ള ഓർഡർ കൊടുത്തിട്ടില്ല.

ഓഗസ്റ്റ് ഒന്നു മുതൽ ഇ സ്റ്റാംപ് പേപ്പറുകൾ നൽകുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ അക്കാര്യം നടപ്പായിട്ടില്ല. യാതൊരു വ്യവസ്ഥയുമില്ലാതെയാണ് ഇ സ്റ്റാംപ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു ലക്ഷം രൂപയ്ക്കു മേലുള്ളവയ്ക്ക് ഇ സ്റ്റാംപ് ഇപ്പോഴും സാധ്യമാണെങ്കിലും മറ്റുള്ളവർക്ക് ഇതിനുള്ള സാഹചര്യമില്ല. 20, 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളും ഇലക്ട്രോണിക് രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നു ഹർജിയിൽ ആവശ്യപ്പെടുന്നു.

## 10,000 പൊലീസുകാർ, 700 എഐ ക്യാമറകൾ; സ്വാതന്ത്ര്യദിന ആഘോഷത്തിന് ഡൽഹിയിൽ കനത്ത സുരക്ഷ

**ന്യൂഡൽഹി:** എഴുപത്തെട്ടാം സ്വാതന്ത്ര്യ ദിനാഘോഷത്തിനു മുന്നോടിയായി തലസ്ഥാനത്ത് സുരക്ഷ ശക്തമാക്കി. 3000 ട്രാഫിക് പൊലീസ് ഉദ്യോഗസ്ഥരെയും 10000 പൊലീസുകാരെയും അധികമായി നിയോഗിച്ചു. മുഖംതിരിച്ചറിയാനാകുന്ന 700 എഐ അധിഷ്ഠിത ക്യാമറകൾ ഡൽഹിയിലെ വിവിധ കേന്ദ്രങ്ങളിലായി സ്ഥാപിച്ചു.

ഇന്ദിരഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം, റെയ്ൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, മാളുകൾ, ചന്തകൾ തുടങ്ങി തിരക്കേറിയ കേന്ദ്രങ്ങളിൽ അർധസൈനിക വിഭാഗത്തെ വിന്യസിച്ചു. ചെങ്കോട്ടയിലേക്കുള്ള എല്ലാ വഴികളും രക്ഷാസേനയുടെ നിയന്ത്രണത്തിലാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദി ചെങ്കോട്ടയിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ സദസ്സിലുള്ള മുഴുവൻപേരെയും തിരിച്ചറിയാൻ സ്മാർട്ട് ഫോൺ അധിഷ്ഠിത ആപ്ലിക്കേഷനും സജ്ജമാക്കി.

യുഎസ് മുൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിനു നേരേയുണ്ടായ വധശ്രമം കണക്കിലെടുത്ത് ഇത്തവണ ഷാർപ് ഷൂട്ടർമാരായ സ്നിപ്പറുകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

# സംസ്ഥാനത്ത് കോഴിവിലയിൽ റെക്കോർഡ് ഇടിവ്

## ഇറക്കുമതി കൂടിയതാണ് വില കുത്തനെ കുറയാൻ കാരണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് കോഴിവിലയിൽ വൻ ഇടിവ് . 180 മുതൽ 240 രൂപവരെയായിരുന്നു ചിക്കന് ഇപ്പോൾ 100 മുതൽ 120 രൂപവരെയാണ്. സംസ്ഥാനത്ത് ആവശ്യത്തിനനുസരിച്ച് ഉത്പാദനം ഉയർന്നതും ഒപ്പം അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി കൂടിയതുമാണ് വില കുത്തനെ കുറയാൻ കാരണമായത്.

ഇതോടെ കർഷകരാണ് പ്രതിസന്ധിയിവായത്. 70 രൂപയോളം വളർത്തു ചെലവ് വരുന്ന കോഴിക്ക് 50 മുതൽ 60 രൂപ വരെയാണ് ഇടനിലക്കാർ നൽകുക. ഇത് കർഷകർക്ക് തിരിച്ചടിയാണ്. കഴിഞ്ഞ ആഴ്ചകളിൽ ചിക്കൻറെ വില 80 രൂപ വരെ എത്തിയിരുന്നു. ഇപ്പോൾ 100 ലേക്കെത്തിയപ്പോൾ പ്രതീക്ഷ നല്കുന്നുവെന്ന് വ്യാപാരികൾ പറയുന്നു. അതേസമയം ചില്ലറ വിപണികളിൽ, കോഴി വില കുറഞ്ഞത് വ്യാപാരം കൂട്ടിയിട്ടുണ്ട്.





സൊസൈറ്റി ടുഡേ
SOCIETY TODAY

# ദുബായ് ജൈറ്റെക്സ് മേളയിൽ മലയാളികളുടെ ആഗോള കൂട്ടായ്മ വൺട്ര്പ്രെണർ

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ സാങ്കേതിക എക്സ്പോയായ ദുബായ് ജൈറ്റെക്സ് മേളയിൽ ഷാർക് ടാങ്ക് മാതൃകയിൽ ഫണ്ടിംഗ് ഒരുക്കി മലയാളി സംരംഭകരുടെ നേതൃത്വത്തിലുള്ള ആഗോള സ്റ്റാർട്ടപ് കൂട്ടായ്മായ

'വൺട്ര്പ്രെണർ'. ജൈറ്റെക്സിൽ പങ്കെടുക്കുന്ന സ്റ്റാർട്ടപ്പുകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 10 സംരംഭകർക്കാണ് 10 ലക്ഷം മുതൽ 2 കോടി രൂപ വരെയുള്ള ഫണ്ടിംഗ് ഒരുക്കുന്നത്. ആഗോള എക്സ്പോയുടെ ഭാഗമായിട്ടുള്ള പ്രധാന വേദിയിൽ വെച്ച് നടക്കുന്ന ഓപ്പൺ പിച്ചിൽ തിരഞ്ഞെടുക്കപ്പെടുന്ന 10 സംഭരംഭകർക്ക് അവരുടെ ആശയം അവതരിപ്പിക്കാം.

ദുബായ് ജൈറ്റെക്സ് മേളയിൽ ആയിരത്തോളം സംരഭകരാണ് പങ്കെടുക്കുക. ഇതിൽ നിന്നാകും 10 പേരെ ഓപ്പൺ പിച്ചിന് തിരഞ്ഞെടുക്കുകയെന്ന് വൺട്രപ്രെണർ സ്ഥാപകരിൽ ഒരാളായ ജിമ്മി ജയിംസ് പറഞ്ഞു. സ്റ്റാർട്ടപ്പ് മേഖലയിലെ വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകളും എയ്ഞ്ചൽ നെറ്റ്വർക്കുകളും ഗൾഫ് മേഖലയിലെ പ്രധാനപ്പെട്ട വ്യവസായികളും ഇൻവെസ്റ്റർ പാനലിന്റെ ഭാഗമാവാൻ സമ്മതം അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

കൂടാതെ വൺട്രപ്രെണർ കമ്മ്യൂണിറ്റി തിരഞ്ഞെടുക്കുന്ന 20 സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി ജൈറ്റെക്സിൽ പ്രത്യേകം പവലിയനും തയ്യാറാക്കും.ഗൾഫ് മേഖലയിൽ സ്റ്റാർട്ടപ്പ് തുടങ്ങാനും വ്യാപിപ്പിക്കാനും സഹായിക്കുന്ന കൂട്ടായ്മയിൽ പതിനഞ്ചിലധികം രാജ്യങ്ങളിൽ നിന്നും 1500 ഓളം സ്റ്റാർട്ടപ്പ് സ്ഥാപകർ അംഗങ്ങളാണ്.

സ്റ്റാർട്ടപ്പ് സ്ഥാപകരെ ബന്ധപ്പെടുന്നതിനും സ്റ്റാർട്ടപ്പ് ആശയങ്ങൾ അവർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനു ഫണ്ടിംഗ് നേടുന്നതിനും ഈ കൂട്ടായ്മ സഹായിക്കും. മാസം തോറും സ്റ്റാർട്ടപ്പ് സ്ഥാപകരുടെ മീറ്റപ്പും മെന്റർഷിപ്പ് സെഷനുകളും ഈ കൂട്ടായ്മയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നുണ്ട്.

നിരവധി അന്തർദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുള്ള ദുബായ് കേന്ദ്രികരിച്ചു പ്രവർത്തിക്കുന്ന ജക്ബോട്ട് റോബോട്ടിക്സ് സ്റ്റാർട്ടപ്പിന്റെ സ്ഥാപകനായ ഇഹ്തിഷാം പുത്തൂർ, സിലിക്കൺവാലി 500 ഗ്ലോബൽ ആക്സിലറേറ്റർ പരിപാടിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്ലാന്റ് ഷോപ് സ്റ്റാർട്ടപ്പിന്റ സ്ഥാപകൻ ജിമ്മി ജെയിംസ് , സ്റ്റാർട്ടപ്പ് ഇന്ത്യ മെന്ററും നിരവധി സ്റ്റാർട്ടപ്പുകളുടെ അഡൈ്വസറുമായ സയ്യിദ് സവാദ് എന്നീ മലയാളി യുവസംരംഭകരാണ് വൺട്രപ്രെണർ എന്ന കൂട്ടായ്മക്ക് നേതൃത്വം നൽകുന്നത്.

# സോണി ബ്രാവിയ 8 ഒഎൽഇഡി ടിവികൾ അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യയുടെ ഹോം എന്റർടെയ്ൻമെന്റ് സംവിധാനങ്ങളിലേക്ക് പുതുനിര കൂടി കൂട്ടിച്ചേർത്ത് ബ്രാവിയ 8 ഒഎൽഇഡി ടിവി ശ്രേണി വിപണിയിലെത്തിച്ചു. അത്യാധുനിക ഒഎൽഇഡി സാങ്കേതിക വിദ്യയും നൂതന എഐ പ്രോസസർ എക്സ്ആറും സംയോജിപ്പിച്ചുള്ളതാണ് പുതിയ ടിവി ശ്രേണി. സിനിമകളും മറ്റും മികച്ച ഗുണനിലവാരത്തിൽ ആസ്വദിക്കാനാവുന്ന സ്റ്റുഡിയോ കാലിബ്രേറ്റഡ് മോഡാണ് ബ്രാവിയ 8 സീരീസിന്റെ പ്രധാന സവിശേഷതകളിലൊന്ന്. നിലവിലുള്ള നെറ്റ്ഫ്ലിക്സ് അഡാപ്റ്റീവ് കാലിബ്രേറ്റഡ് മോഡ്, സോണി പിക്ചേഴ്സ് കോർ കാലിബ്രേറ്റഡ് മോഡ് എന്നിവയ്ക്ക് പുറമേ പ്രൈം വീഡിയോ കാലിബ്രേറ്റഡ് മോഡും ബ്രാവിയ 8 ശ്രേണിയിലുണ്ട്. കെ65 എക്സ്ആർ 80 മോഡലിന് 3,14,990 രൂപയും കെ55 എക്സ്ആർ 80 മോഡലിന് 2,19,990 രൂപയുമാണ് വില.അതിവേഗ ദൃശ്യങ്ങൾ മികച്ചതും മങ്ങലില്ലാത്തതുമാക്കി നിലനിർത്തുന്ന എക്സ്ആർ ഒഎൽഇഡി മോഷൻ ടെക്നോളജിയും സോണിയുടെ കോഗ്നിറ്റീവ് പ്രോസസർ എക്സ്ആർ കരുത്തേകുന്ന എക്സ്ആർ 4കെ അപ്സ്കേലിങ് സാങ്കേതിക വിദ്യയും പ്രധാന ആകർഷണമാണ്. സോണി പിക്ചേഴ്സിനു പുറമെ 4,00,000 സിനിമകളിലേക്കും ടിവി എപ്പിസോഡുകളിലേക്കും 10,000 ആപ്പുകളിലേക്കും ഗെയിമുകളിലേക്കും പ്രവേശനം നൽകുന്ന ഗൂഗിൾ ടിവിയും ബ്രാവിയ 8 ടിവികളിലുണ്ട്. പ്ലേസ്റ്റേഷൻ അഞ്ചിൽ ഗെയിമുകൾ കളിക്കാവുന്ന തരത്തിലാണ് ബ്രാവിയ 8 ശ്രേണിയുടെ രൂപകൽപ്പന.രണ്ട് വർഷത്തെ സമഗ്ര വാറന്റിയോടെ എത്തുന്ന പുതിയ ബ്രാവിയ 8 ടിവികൾ 164 സെ.മീ (65), 139 സെ.മീ (55) എന്നീ വലിപ്പങ്ങളിൽ ലഭ്യമാകും. ഇരു മോഡലുകളും ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.



# ജെന്റാരി - ആമസോൺ സഹകരണം പ്രഖ്യാപിച്ചു

**കൊച്ചി:** ആമസോൺ ഇന്ത്യയും ജെന്റാരി ഗ്രീൻ മൊബിലിറ്റി ബിസിനസും (ജെന്റാരി) ഇന്ത്യയിൽ കാർബൺ മുക്ത ഡെലിവറി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി ആമസോൺ ഡെലിവറികൾക്കായി കൂടുതൽ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ ഉപയോഗിക്കും.പങ്കാളിത്തത്തിൻറെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നൂറുകണക്കിന് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാനും വിന്യസിക്കാനും ജെന്റാരി ലക്ഷ്യമിടുന്നു. ഇവ ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ തന്ത്രപരമായി വിന്യസിക്കുകയും ഡെലിവറി സേവനത്തിന് സമഗ്രമായ സേവനങ്ങളും ജെന്റാരി നൽകും.ആമസോൺ ഇന്ത്യയിലെ 400ലധികം നഗരങ്ങളിൽ കഴിഞ്ഞ ദശകത്തിൽ ഇവി ഉപയോഗം വർധിപ്പിക്കുന്നതിനായി വൻകിടചെറുകിട നിർമ്മാതാൾ, ഡെലിവറി സേവന ദാതാക്കൾ, ചാർജിംഗ് പോയിൻറ് ഓപ്പറേറ്റർമാർ, ഫിനാൻസിംഗ് കമ്പനികൾ എന്നിവരുമായി സഹകരിച്ചു വരികയാണ്. 2023ൽ 7,200ലധികം ഇവികൾ വിന്യസിച്ച ആമസോൺ 2025ഓടെ 10,000 ഇവികൾ ഇന്ത്യയിലെ ഡെലിവറി മേഖലയിൽ വിന്യസിക്കുകയെന്ന ലക്ഷ്യം കൈവരിക്കാനുള്ള പാതയിലാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# അന്തർദേശിയ ഭരതനാട്യ മത്സരം

**കൊച്ചി:** എറണാകുളം സെന്റ് തെരേസാസ് കോളജിലെ ഭരതനാട്യ വിഭാഗം അന്തർദേശിയ ഭരതനാട്യ മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നി വിഭാഗങ്ങളിലായി ഓഗസ്റ്റ് 12ന് കോളേജ് ഓഡിറ്റോറിയത്തിലാണ് മത്സരം.കൂടുതൽ വിവരങ്ങൾക്ക് 9847424210, 7025966485

# നിസാൻ ഫ്രീഡം ഓഫർ

**കൊച്ചി:**സ്വാതന്ത്ര്യ ദിനത്തിനോട് അനുബന്ധിച്ച്, നിസാന്റെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന മാഗ്നൈറ്റിനു എല്ലാ പ്രതിരോധ ഉദ്യോഗസ്ഥർക്കും കേന്ദ്ര/സംസ്ഥാന പോലീസ് വകുപ്പുകൾക്കുമായി പ്രത്യേക വിലക്കിഴിവ്. ഈ ഫ്രീഡം ഓഫറിലൂടെ, നിസാൻ ഇന്ത്യയിലുടനീളമുള്ള എല്ലാ കേന്ദ്ര അർദ്ധസൈനിക, സംസ്ഥാന പോലീസ് സേനാംഗങ്ങൾക്കായും പ്രത്യേക വിലക്കിഴിവ് നേടാം. കൂടാതെ, പ്രതിരോധ സേനാംഗങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകുന്ന സിഎസ്ഡി റൂട്ട് വഴി കാർ ബുക്ക് ചെയ്ത് വിലക്കിഴിവ് നേടാനും ഫ്രീഡം ഓഫറിലൂടെ അവസരമുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു.സേവനത്തിലുള്ള എല്ലാ സായുധ സേനാംഗങ്ങൾക്കും സിഎസ്ഡി എ എഫ് ഡി പോർട്ടലിലൂടെ (ooo.മളറ.രറെശിറശമ.ഴീ.ശി) നിസാൻ മാഗ്നൈറ്റ് ബുക്ക് ചെയ്യാം. എല്ലാ കേന്ദ്ര അർദ്ധസൈനിക, സംസ്ഥാന പോലീസ് സേനാംഗങ്ങൾക്കും പ്രത്യേക ഓഫർ ലഭിക്കുന്നതിന് രാജ്യത്തുടനീളമുള്ള ഏത് നിസാൻ അംഗീകൃത ഡീലർഷിപ്പും സന്ദർശിക്കാം. ഓഗസ്റ്റ് 31 വരെ 'ഫ്രീഡം ഓഫർ' വഴി ബുക്കിംഗ് നടത്താം. 'ഫ്രീഡം ഓഫർ' എക്സ്ക്ലൂസീവ് ഹെൽപ്പ് ഡെസ്ക് കോൺടാക്റ്റുമായി +91 99993 13930 എന്ന നമ്പറിൽ ബന്ധപ്പെടാം.

# അപ്സര ഐസ്ക്രീംസ് മുസ്കാൻ കാമ്പയിൻ ആരംഭിച്ചു

**കൊച്ചി:** മുസ്കാൻ ക്യാംപയിൻ ആരംഭിച്ച് അപ്സര ഐസ്ക്രീംസ് 53ാം വാർഷികം ആഘോഷിക്കുന്നു. 78ാമത് സ്വാതന്ത്ര്യ ദിനത്തിന്റെ സ്മരണയ്ക്കായി കമ്പനി 9 സംസ്ഥാനങ്ങളിലും 25 നഗരങ്ങളിലും 53,000 സൗജന്യ ഐസ്ക്രീമുകൾ രാജ്യവ്യാപകമായി വിതരണം ചെയ്യുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഓഗസ്റ്റ് 15 ന് മുംബൈയിലും പൂനെയിലും ആരംഭിക്കുന്ന ക്യാംപയിൻ വിവിധ എൻജിഒകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, സർക്കാർ, സർക്കാരിതര മേഖലകളിലെ ഫൗണ്ടേഷനുകൾ എന്നിവയ്ക്ക് പ്രയോജനം ചെയ്യും. ഈ സംരംഭം വിജയിപ്പിക്കുന്നതിനായി ലയൺസ് ക്ലബ്,ലിയോ, സ്വദേസ് തുടങ്ങിയ സംഘടനകളുമായി അപ്സര ഐസ്ക്രീംസ് സഹകരിച്ച് പ്രവർത്തിക്കുന്നു.

# ബിഎസ് എച്ച് ഹോം ഡിഷ്വാഷറുകളുടെ പുതിയ ശ്രേണി അവതരിപ്പിക്കുന്നു

**കൊച്ചി:** ഗ്ലോബൽ ഹോം അപ്ലയൻസ് ലീഡറായ ബി എസ് എച്ച് ന്റെ ഏറ്റവും പുതിയ ബോഷ്, സീമെൻസ് ഡിഷ്വാഷറുകൾ ഇന്ത്യയിൽ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. വലിയ ഇന്ത്യൻ കുടുംബങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ അത്യാധുനിക ഡിഷ്വാഷറുകൾക്ക് 15 സ്ഥലങ്ങളുള്ള സജ്ജീകരണ ശേഷിയുണ്ട്, കൂടാതെ പുതിയ കറുപ്പ് നിറത്തിൽ സ്ലീക്ക് സ്റ്റെയിൻലെസ് സ്റ്റീൽ ബേസ് ഫീച്ചർ ചെയ്യുന്നു.

# അന്താരാഷ്ട്ര യുവജന ദിനം: മാനസികാരോഗ്യ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര യുവജന ദിനത്തോടനുബന്ധിച്ച് പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്, കൊച്ചി അമൃത വിശ്വവിദ്യാപീഠത്തിന്റെ സഹകരണത്തോടെ 'മാനസികസമ്മർദ്ദവും വികാരങ്ങളും വിജയകരമായി നേരിടാം' എന്ന പേരിൽ മാനസികാരോഗ്യ ക്ലാസ് സംഘടിപ്പിച്ചു.

യുവാക്കളുടെ വൈകാരിക ക്ഷേമം, മാനസിക സമ്മർദ്ദം നിയന്ത്രിക്കൽ എന്നീ നിർണ്ണായക വിഷയങ്ങളിൽ പരിപാടി ശ്രദ്ധ കേന്ദ്രീകരിച്ചു. പ്രാരംഭ ഘട്ടമായി വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സെഷൻ സംഘടിപ്പിച്ചു. പ്രയത്നയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ. ലിഷ പി. ബാലൻ സെഷന് നേതൃത്വം നൽകി.

ദൈനംദിന ജീവിതത്തിൽ നേരിടേണ്ടുന്ന വികാരങ്ങളും സമ്മർദ്ദവും നന്നായി മനസ്സിലാക്കാനും നിയന്ത്രിക്കാനും സഹായിക്കുന്ന ഉൾക്കാഴ്ചകളും പ്രായോഗികോപായങ്ങളും സെഷനിൽ പങ്കുവച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ ആശങ്കകൾ പങ്കുവെക്കാനും ചോദ്യങ്ങൾ ചോദിക്കാനും മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ധാരണ വർദ്ധിപ്പിക്കാനും ഓപ്പൺ ഫോറവും പരിപാടിയിലുണ്ടായിരുന്നു

സൊസൈറ്റി ടുഡേ
SOCIETY TODAY

# ശ്രീലങ്കൻ ഫുഡ് ഫെസ്റ്റ് കേരളത്തിൽ

**തിരുവനന്തപുരം:** ശ്രീലങ്കൻ രുചി വൈവിധ്യങ്ങൾ അണിനിരത്തിക്കൊണ്ട് തിരുവനന്തപുരം ഒബൈ താമരയിൽ ആദ്യ ശ്രീലങ്കൻ ഫുഡ് ഫെസ്റ്റ്. ആഗസ്ത് 15 മുതൽ ആഗസ്ത് 25 വരെ വൈകുന്നേരം 7 മണി മുതൽ 10 വരെ ഒബൈ താമരയിലെ മൾട്ടി കുസീൻ റെസ്റ്റോറന്റായ ഒ കഫേയിലാണ് ശ്രീലങ്കൻ ഫുഡ് ഫെസ്റ്റ് നടക്കുക.

ശീലങ്കൻ ഷെഫുകളായ ഷെഫ് ജയസൂര്യ, ഷെഫ് സെന്തിൽ കുമാർ എന്നിവർ തയ്യാറാക്കുന്ന സ്പെഷ്യൽ ശ്രീലങ്കൻ വിഭവങ്ങളിലൂടെ തനത് ശ്രീലങ്കൻ രുചികൾ ഈ ഫുഡ് ഫെസ്റ്റിലൂടെ ഭക്ഷണപ്രേമികൾക്ക് ആസ്വദിക്കാം. ശ്രീലങ്കൻ ഫിഷ് കട്ലറ്റ്, ബീഫ് കോക്കനട്ട് ബദുമ, നീഗോമ്പോ ക്രാബ് കറി, കിരിബാത് (ശ്രീലങ്കൻ മിൽക് റൈസ്), കോക്കനട്ട് റൊട്ടി, ലാവരിയ



തുടങ്ങിയ വിഭവങ്ങൾ ഫുഡ് ഫെസ്റ്റിൽ ലഭ്യമാകും. ഫുഡ് ഫെസ്റ്റിവൽ കൂടുതൽ ആസ്വാദ്യകരമാക്കുവാൻ ശ്രീലങ്കൻ ബാൻഡായ വജീര ആൻഡ് ദി സാക്സിന്റെ ലൈവ് മ്യൂസിക് പെർഫോമൻസുമുണ്ടാകും.

കൂടാതെ, തെങ്ങോല കൊണ്ട് കലാരൂപങ്ങളുണ്ടാക്കുന്ന പ്രഗത്ഭനായ ഒരു ശ്രീലങ്കൻ കലാകാരനാണ് പ്രാദേശിക കച്ചവടക്കാരുമായി സഹകരിച്ച് ഫെസ്റ്റിൽ വിശിഷ്ടമായ അലങ്കാരങ്ങൾ ഉണ്ടാക്കുകയും ഉത്സവ സമാനമായി ഫുഡ് ഫെസ്റ്റ് അന്തരീക്ഷം സമ്പന്നമാക്കുകയും ചെയ്യുന്നത്.

ഫെസ്റ്റിന്റെ ഭാഗമായി ശ്രീലങ്കൻ എയർലൈൻസുമായി സഹകരിച്ച്, ഒ ബൈ താമര ഒരു റാഫിൾ നറുക്കെടുപ്പ് സംഘടിപ്പിക്കും. അതിൽ വിജയിക്കുന്ന ഭാഗ്യശാലിക്ക് കൊളംബോയിലേക്കുള്ള രണ്ട് ബിസിനസ് ക്ലാസ് ടിക്കറ്റുകൾ സമ്മാനമായി ലഭിക്കും. പരിപാടിയുടെ സമാപന ദിവസമാകും വിജയികളെ പ്രഖ്യാപിക്കുക.

# സിംബയോസിസ് എംബിഎ: പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സിംബയോസിസ് നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (എസ്എൻഎപി) 2024 വഴിയുള്ള സിംബയോസിസ് എംബിഎ പ്രോഗ്രാമുകളുടെ രജിസ്ട്രേഷൻ പ്രക്രിയ ഔദ്യോഗികമായി ആരംഭിച്ചു. രജിസ്ട്രേഷൻ പ്രക്രിയ, യോഗ്യതാ മാനദണ്ഡങ്ങൾ, മറ്റ് അവശ്യ വിവരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിശദാംശങ്ങൾ ഔദ്യോഗിക എസ്എൻഎപി വെബ്സൈറ്റിൽ ലഭ്യമാണ്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലാണ് ടെസ്റ്റ് സിറ്റിയും ടെസ്റ്റ് തീയതിയും അനുവദിക്കുക. 2024ലെ എസ്എൻഎപി കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റ് ഡിസംബർ 8, 2024 (ഞായർ), ഡിസംബർ 15, 2024 (ഞായർ), ഡിസംബർ 21, 2024 (ശനി) എന്നിങ്ങനെ മൂന്ന് വ്യത്യസ്ത തീയതികളിലായി ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന എസ്എൻഎപി 2024 പരീക്ഷാ ഫലങ്ങളുടെ പ്രഖ്യാപനം 2025 ജനുവരി 8ന് നടക്കും.

സിംബയോസിസ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ, നൂതനവും മികച്ച പ്രശ്നപരിഹാരകരുമായ വ്യവസായസജ്ജരായ പ്രൊഫഷണലുകളെ പരിപോഷിപ്പിക്കുന്നതിൽ തങ്ങൾ വിശ്വസിക്കുന്നതായി സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി) വൈസ് ചാൻസലർ ഡോ. രാമകൃഷ്ണൻ രാമൻ പറഞ്ഞു.സിംബയോസിസ് ഇന്റർനാഷണലിന്റെ (ഡീംഡ് യൂണിവേഴ്സിറ്റി) കീഴിലുള്ള 17 സ്ഥാപനങ്ങളിലെ 27 പ്രോഗ്രാമുകളിലേക്ക് ഒരൊറ്റ അപേക്ഷാ ഫോമിൽ അപേക്ഷിക്കാനുള്ള അവസരമാണ് ടെസ്റ്റ് വാഗ്ദാനം ചെയ്യുന്നത്. ഇന്ത്യയിലുടനീളമുള്ള 80 നഗരങ്ങളിൽ ടെസ്റ്റ് നടത്തും, കൂടാതെ അപേക്ഷകർക്ക് ഇത് മൂന്ന് തവണ വരെ പരീക്ഷിക്കാം. ഓരോ ശ്രമത്തിനും രജിസ്ട്രേഷൻ ഫീസ് 2250 രൂപ ആണ്. കൂടാതെ ഓരോ പ്രോഗ്രാമിനും അപേക്ഷിക്കുന്നതിന് 1000 രൂപ അധിക ഫീസ് ഉണ്ടായിരിക്കും.

# കുസാറ്റിൽ ജോബ്ഫെയർ

**കൊച്ചി:** കൊച്ചിൻ യൂണിവേർസിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെൻററിൻറെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14, രാവിലെ 10.00 മുതൽ പത്താം ക്ലാസ്സ്, പ്ലസ്ടു, ബിരുദം,ബിടെക്, എം.ടെക്ക്,എം.ബി.എ,എം.കോം തുടങ്ങിയ യോഗ്യതയുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ 200 ഒഴിവിലേക്ക് കുസാറ്റ് മോഡൽ കരിയർ സെൻററിൽ വച്ച് അഭിമുഖം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ പേര്, മേൽവിലാസം,വിദ്യാഭ്യാസ യോഗ്യത എന്നിവ സഹിതം ugbkchi.emp@gmail.com എന്ന വിലാസത്തിലേക്ക് അയച്ച് രജിസ്ട്രേഷൻ നടത്തണം.കൂടുതൽ വിവരങ്ങൾക്ക്, 04842576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

# വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വർദ്ധിപ്പിക്കാൻ വ്യവസായ വകുപ്പ്

**കൊച്ചി:** വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (സ്കൂൾ, കോളേജ്, സാങ്കേതിക, പ്രൊഫഷണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ) പ്രവർത്തിക്കുന്ന സംരംഭകത്വ വികസന ക്ലബ്ബു(ഒൺട്രപ്രണർഷിപ്പ് ഡെവലപ്മൻറ് ക്ലബ്ബ് ഇഡി ക്ലബ്ബ്)കളിലെ കോഓർഡിനേറ്റർമാരുടെ സംഗമം സംസ്ഥാന വ്യവസായ വകുപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു. ഇഡി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുള്ള പുതിയ ഓൺലൈൻ പോർട്ടലിലും വിദ്യർത്ഥികളിലെ നൂതന സംരംഭ ആശയങ്ങൾ പരിപോഷിപ്പിച്ചുകൊണ്ട് സംരംഭം തുടങ്ങാൻ സഹായിക്കുന്ന ഡ്രീംവെസ്റ്റർ എന്ന പദ്ധതിയ്ക്കും വ്യവസായമന്ത്രി പി രാജീവ് കൊച്ചിയിൽ തുടക്കം കുറിച്ചു.നിലവിൽ ഒരു ഇഡി ക്ലബ്ബിനു സാമ്പത്തിക വർഷത്തിൽ 20,000 രൂപയാണ് സഹായമായി നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം മുതൽ മൂന്ന് തലങ്ങളായി തിരിച്ചാണ് സഹായം ന കുന്നതെന്ന് മന്ത്രി പറഞ്ഞു. ബിഗിനർ, ഇൻറർമീഡിയറ്റ്, അഡ്വാൻസ്ഡ് എന്നിങ്ങനെ ഇഡി ക്ലബുകളെ തിരിച്ചുകൊണ്ടായിരിക്കും ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുക. വർക്ഷോപ്പുകൾ, വിവിധ മേഖലകളിലെ വിദഗ്ധരുമായുള്ള ആശയവിനിമയം, സംരംഭക വികസനത്തിലൂന്നിയ വിവിധ പരിശീലന പദ്ധതികൾ, ഫീ ഡ് വിസിറ്റുകൾ തുടങ്ങിയവയ്ക്ക് വേണ്ടി പ്രസ്തുത ഫണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാം.




ഇത് കൂടാതെ ഇഡി ക്ലബ്ബുകളിലെ അംഗങ്ങളായ വിദ്യാർഥികൾക്ക് അവർ മുന്നോട്ട് വച്ച സംരംഭക ആശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ധനസഹായത്തിനും അർഹതയുണ്ടെന്നും മന്ത്രി അറിയിച്ചു. അതോടൊപ്പം മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഇ ഡി ക്ലബ്ബുകൾക്ക് സംസ്ഥാനതലത്തി അവാർഡ് ഏർപ്പെടുത്തുമെന്നും മന്ത്രി പ്രഖ്യാപിച്ചു.നിലവി ഇഡി ക്ലബ്ബുമായി ബന്ധപ്പെട്ട് ഓഫ്ലൈൻ ആയി ചെയ്തുവരുന്ന രജിസ്ട്രേഷൻ, പ്രൊപ്പോസ സമർപ്പിക്ക , ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്ക തുടങ്ങിയവ ഓൺലൈൻ ആക്കുന്നതിനായി ഇഡി ക്ലബ്ബുകൾക്കായി മാത്രം പ്രത്യേകം പോർട്ട ആരംഭിച്ചു.

ഇതു വഴി ഇഡി ക്ലബുകളുമായി ബന്ധപ്പെട്ട സമഗ്ര വിവരങ്ങളും അപ് ലോഡ് ചെയ്യുന്നതിനോടൊപ്പം ധനസഹായത്തിനുള്ള അപേക്ഷ, പ്രവർത്തന റിപ്പോർട്ട്, വിദ്യാർഥികളുടെ പ്രകടനം തുടങ്ങിയവ രേഖപ്പെടുത്താനും സാധിക്കും. കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനും അത് വികസിപ്പിച്ച് സംരംഭത്തിലേക്ക് നയിക്കാനുള്ള അവസരമാണ് ഡ്രീംവെസ്റ്റർ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. മൂന്ന് ഘട്ടങ്ങളായി നടക്കുന്ന ഈ പദ്ധതിയിലൂടെ ഐഡിയാത്തോൺ വഴി ഏറ്റവും മികച്ച ആശയം കണ്ടെത്താനുമാണ് ലക്ഷ്യം വച്ചിരിക്കുന്നത്.വിദ്യാർത്ഥികൾക്ക് സംഘങ്ങളായി ഇതിലേക്ക് പേര് രജിസ്റ്റർ ചെയ്യാം. ആശയത്തെ സംരംഭമാക്കി മാറ്റുന്നതിനുള്ള വർക്ക്ഷോപ്പ് ഇവർക്കായി സംഘടിപ്പിക്കും. ഇതിനു ശേഷം വർക്ക്ഷോപ്പി നിന്നും സ്വായത്തമാക്കിയ അറിവ് വഴി വിശദമായ പ്ലാൻ ഐഡിയാത്തോണിന് സമർപ്പിക്കണം. ഓരോ ജില്ലയി നിന്നും മികച്ച 12 ആശയങ്ങൾ വച്ച് 168 എൻട്രികളെ തെരഞ്ഞെടുത്ത് അതിൽ നിന്നും വീണ്ടും മത്സരത്തിന് ശേഷം സംസ്ഥാനത്തെ മികച്ച പത്ത് ആശയങ്ങളെ പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ വിദ്യാർത്ഥികൾക്ക് കേരളത്തി തന്നെ മികച്ച ഒരു ഭാവി പടുത്തുയർത്താൻ അവസരം സൃഷ്ടിക്കുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതുമാണ് ലക്ഷ്യം വയ്ക്കുന്നത്.വ്യവസായവകുപ്പ് പ്രിൻസപ്പൽ സെക്രട്ടറി വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ, കെഎസ്ഐഡിസി ജന. മാനേജർ പ്രശാന്ത്, അസാപ് ബിസിനസ് ഹെഡ് ലൈജു നായർ, വ്യവസായവകുപ്പ് അഡി. ഡയറക്ടർ കൃപകുമാർ, സംസ്ഥാനത്തെ 300 ഓളം ഇഡി ക്ലബ് കോഓർഡിനേറ്റർമാർ തുടങ്ങിയവർ പരിപാടിയി സംബന്ധിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# സൂപ്പർ ആപ്പ് ആയി അപ്ഗ്രേഡ് ചെയ്ത് കാർസ്24

**കൊച്ചി:** ഒമ്പതാം പിറന്നാൾ ആഘോഷിക്കുന്ന കാർസ്24 ഭാവി മുന്നിൽ കണ്ട് 'സൂപ്പർ ആപ്പ് ആയി അപ്ഗ്രേഡ് ചെയ്തു. നിരവധി സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വന്ന് കാർ ഉടമസ്ഥതയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുന്ന തരത്തിലാണ് ഈ നവീന ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കാർസ്24 സഹ സ്ഥാപകൻ ഗജേന്ദ്ര ജംഗിദ് പറഞ്ഞു. വാങ്ങൽ, വിൽക്കൽ, ഫൈനാൻസിങ് എന്നിവയുടെ ആവേശത്തിൽ നിന്നും ഓൺ ഡിമാൻഡ് ഡ്രൈവർ സേവനം, ഇൻഷുറൻസ്, റിപ്പയർ, മെയിൻറനൻസ്, ആർടിഒ അസിസ്റ്റൻസ്, ഫാസ്ടാഗ്, സർവീസ് ചരിത്രം തുടങ്ങി കാർ സ്ക്രാപ്പിങ് വരെയുള്ള സേവനങ്ങൾ കാർസ്24 സൂപ്പർ ആപ്പിലൂടെ ലഭിക്കും. കാറുമായി ബന്ധപ്പെട്ട എന്താവശ്യവും അനായാസവും കാര്യക്ഷമവുമായി ലഭ്യമാക്കി സുതാര്യതയിലൂടെ ഉപഭോക്താവിൻറെ വിശ്വസ്തത പടുത്തുയർത്തുകയാണ് ലക്ഷ്യം. നിർണായകമായ ഈ അപ്ഗ്രേഡിലൂടെ കാർസ്24 വെറുതെ ഒരു വർഷം കൂടി പിന്നിടുകയല്ല, മറിച്ച് ലോകത്തെ ഏറ്റവും വലിയ ഓട്ടോ സൂപ്പർ ആപ്പ് എന്ന തലത്തിലേക്ക് കുതിക്കുകയാണ്.തങ്ങൾ കാർ ഇടപാടിൽ മാറ്റം വരുത്തുകയല്ല, അത് അനുഭവങ്ങളാക്കി ഉയർത്തുകയാണെന്നും ഉപഭോക്താക്കളുടെ ദൈനംദിന ജീവിതത്തിലേക്ക് മികച്ച സാങ്കേതികവിദ്യയും വ്യക്തിഗത സേവനവും തടസങ്ങളില്ലാതെ സമന്വയിപ്പിക്കാനുമുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ സൂപ്പർ ആപ്പെന്നും ഗജേന്ദ്ര ജംഗിദ് പറഞ്ഞു.ഓർബിറ്റാണ് പുതിയ സൂപ്പർ ആപ്പിന്റെ ഒരു സവിശേഷ ഫീച്ചർ. നൂതനവും സജീവവുമായ സമഗ്ര കാർ മാനേജ്മെൻറ് സംവിധാനമാണിത്. ഓർബിറ്റ് എന്നത് വെറുമൊരു ഫീച്ചറല്ല, കാർ ഉടമയുടെ എല്ലാ ആവശ്യങ്ങളും അറിയുന്ന പ്രപഞ്ചം പോലെയാണ്. കാർ പ്രേമി ഓർബിറ്റിലേക്ക് ഒരിക്കൽ കടന്നാൽ കാർ ഉടമയുമായി ബന്ധപ്പെട്ട എല്ലാ വിഷയത്തിലേക്കുമുള്ള വാതിൽ തുറക്കുകയാണ്. കാറിൻറെ അപ്പോഴത്തെ മൂല്യം മുതൽ ഇചെല്ലാൻ അടയ്ക്കാനും ഡ്രൈവർമാരെ വാടകയ്ക്ക് ലഭ്യമാക്കാനും മറ്റും ഒറ്റ ടാപ്പിൽ സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.



# കുഞ്ഞരങ്ങ്: നാടക ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** മൂവാറ്റുപുഴ നിർമല കോളേജ് (ഓട്ടോണോമസ്) എൻ എസ് എസ് യൂണിറ്റിന്റെയും ഗവ.മോഡൽ ഹൈസ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ലോക യുവജന ദിനത്തോടനുബന്ധിച്ച് ദ്വിദിന നാടക ശിൽപ്പശാല സംഘടിപ്പിച്ചു. മൂവാറ്റുപുഴ ഗവ.മോഡൽ ഹൈസ്കൂളിൽ കുഞ്ഞരങ്ങ് എന്ന പേരിൽ നടത്തിയ പരിപാടി മൂവാറ്റുപുഴ മുനിസിപ്പൽ വൈസ് ചെയർപേഴ്സൻ സിനി ബിജു ഉൽഘാടനം ചെയ്തു. നിർമല കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നാടകകളരിയിലൂടെ യുവജന ശക്തീകരണം ലക്ഷ്യമിട്ടാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. മൂവാറ്റുപുഴയിലെ വിവിധ സർക്കാർ സ്കൂളുകളിൽ നിന്നായി 25 കുട്ടികൾക്കാണ് ശിൽപ്പശാലയിൽ നാടക പരിശീലനം നൽകിയത്. ശിൽപ്പശാല ഇന്ന് നിർമല കോളേജിൽ സമാപിക്കും. പ്രശസ്ത നാടകകൃത്തും സംവിധായകനുമായ ഡോ. അഭീഷ് ശശിധരൻ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. പി ബി സനീഷ്, ഡോ. സംഗീത നായർ, ഗവ മോഡൽ സ്കൂൾ ഹെഡ്മിസ്ട്രസ് ഷെമീന ബീഗം, വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി ഉല്ലാസ് ഡി എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.




**ഫ്രഷ് ടു ഹോം കോഫൌണ്ടർ മാത്യു ജോസഫ് സംസാരിക്കുന്നു.സദസ്സിൽ, (ഇടതു നിന്ന്) എസ്.ഐ.എഫിയൻ സെക്രട്ടറി, ഫായിസ് അഹമ്മദ്, ട്രാഡബിൾ ഡയറക്ടറും അകാസ്റ്റാർ മറൈൻ എക്സ്പോർട്ട്സ് ജനറൽ മാനേജറും എസ്.ഐ.എഫിയൻ പ്രസിഡൻറുമായ പി.സുനിൽ കുമാർ, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ, ഡോ.എസ്.സാബു, കുസാറ്റ് രജിസ്ട്രാർഇൻചാർജ് പ്രൊഫ.ഡോ.എൻ.മനോജ്, റൈറ്റ് ആൻസർ കണസൾട്ടൻസി സർവീസ് ഫുഡ് സേഫ്റ്റി കൺസൾട്ടൻറ്/ട്രെയിനർ, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്, അസോസിയേറ്റ് പ്രൊഫസർ ഡോ.ഹരീഷ്.എൻ.രാമനാഥൻ.**

# കുസാറ്റിൽ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഇൻഡസ്ട്രി കണക്ട്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗം, മത്സ്യ ഭക്ഷ്യ ബിസിനസ് മേഖലയിലെ പ്രകല്ഭന്മാരെ ഉൾപെടുത്തി വൈജ്ഞാനിക വ്യാവസായിക സംവാദം സംഘടിപ്പിച്ചു. ഓൺലൈൻ ഫ്രഷ് മീറ്റ് ബിസിനസ് മേഖലയിലെ ആദ്യത്തെയും ആഗോള ബ്രാൻഡുമായ 'ഫ്രഷ് ടു ഹോം' കോഫൗണ്ടർ മാത്യു ജോസഫ്,മൂല്യവർദ്ധിത ഭക്ഷ്യ ഉത്പന്ന മേഖലയിലെ പ്രമുഖ ബ്രാൻഡായ ടേസ്റ്റി നിബ്ബിൾസ് എം.ഡി ചെറിയാൻ കുര്യൻ എന്നിവർ മത്സ്യമാംസ മൂല്യവർദ്ധിത ഉൽപന്ന സംരംഭ സാധ്യതകളും, വെല്ലുവിളികളും, നൂതന സാങ്കേതികവിദ്യകളും, സംരംഭം വിജയിക്കുന്നതിനുള്ള വിപണന തന്ത്രങ്ങളും സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ബിരുദാനന്തരബിരുദവിദ്യാർത്ഥികളുമായി സംവദിച്ചു. കുസാറ്റ് രജിസ്ട്രാർ ഇൻ ചാർജ് പ്രൊഫ. ഡോ.മനോജ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ ഡോ.എസ്. സാബു അദ്ധ്യക്ഷത വഹിച്ചു.

അസോസിയേറ്റ് പ്രൊഫസർ ഡോ. ഹരീഷ്എൻ രാമനാഥൻ, ഫുഡ് സേഫ്റ്റി കൺസൾട്ടൻറ്/ട്രെയിനർ അനിത സാഗർ, അലുമിനി അസ്സോസ്സിയേഷൻ പ്രസിഡൻറ് പി. സുനിൽ കുമാർ എന്നിവർ പ്രസംഗിച്ചു.




**എറണാകുളം വൈ.എ. സി എ യുടെ ആഭിമുഖ്യത്തിൽ നടത്തിയ അഖില കേരള ഇൻറ്റർ സ്കൂൾ ദേശീയ ഗാന ദേശഭകതി ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം,കരസ്ഥമാക്കിയ സെൻ്റ് തെരേസാസ് ഹൈ സ്കൂൾ ടീം.**

# അഖില കേരള വൈഎംസിഎ ഇന്റർ സ്കൂൾ ദേശീയ ഗാന ദേശഭക്തിഗാന മത്സര വിജയികൾ

**കൊച്ചി:** എറണാകുളം വൈ.എം.സി.എ യുടെ ആഭിമുഖ്യത്തിൽ അഖില കേരള വൈഎംസിഎ ഇന്റർ സ്കൂൾ ദേശീയ ഗാന ദേശഭക്തിഗാന മത്സരം സംഘടിപ്പിച്ചു. എറണാകുളം വൈഎംസിഎ പ്രസിഡണ്ട് ഡോ. ടെറി തോമസ് എടത്തൊട്ടിഅധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം വൈ.എം.സിഎ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ കെ.ആർ ബെക്സൺ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

ദേശീയ ഗാന ദേശഭക്തിഗാന മത്സരത്തിൽ മാർത്തോമാ പബ്ലിക് സ്കൂൾ എടച്ചിറ, ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂൾ, ഏരൂർ ഭാവൻ വിദ്യാമന്ദിർ, സെന്റ് തെരേസസ് ഹൈസ്കൂൾ എറണാകുളം, ഇൻഫന്റ് ജീസസ് നോർത്ത് പറവൂർ, വൈറ്റില ടോക് എച് പബ്ലിക് സ്കൂൾ, മഹാത്മാ ഗാന്ധി പബ്ലിക് സ്കൂൾ, അമ്പാടിമല എന്നീ സ്കൂളിൽ നിന്നായി വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ദേശീയ ഗാന മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് തെരേസാസ് ഹൈസ്കൂൾ ഒന്നാം സ്ഥാനവും, യുപി വിഭാഗത്തിൽ ഏരൂർ ഭവൻസ് വിദ്യ മന്ദിർ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.മറ്റ് മത്സര ഫലങ്ങൾ : ദേശഭക്തി ഗാന മത്സരത്തിൽ ഹൈ സ്കൂൾ വിഭാഗത്തിൽ ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂൾരണ്ടാം സ്ഥാനവുംഏരൂർ ഭവൻസ് വിദ്യാമന്ദിർ, മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യുപി വിഭാഗത്തിൽ സെന്റ്.തെരേസാസ് ഹൈസ്കൂൾ രണ്ടാം സ്ഥാനവും, ഇടച്ചിറ മാർത്തോമ്മാ പബ്ലിക് സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# ദുരന്ത മേഖലയിൽ സേവനത്തിന് കൂടുതൽ സൈക്യാട്രി ഡോക്ടർമാർ

**തിരുവനന്തപുരം:** വയനാട് ദുരന്ത മേഖലയിൽ സേവനത്തിന് കൂടുതൽ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള സൈക്യാട്രി വിദഗ്ധ ഡോക്ടർമാരെ കൂടി നിയോഗിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ആരോഗ്യ വകുപ്പിലെ സൈക്യാട്രിസ്റ്റുകൾക്കും കൗൺസിലർമാർക്കും പുറമേയാണിത്. കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ മാനസികാരോഗ്യം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും നൽകി വരുന്നു. ഇന്ന് മാത്രം 100 അംഗ മാനസികാരോഗ്യ ടീം 13 ക്യാമ്പുകൾ സന്ദർശിച്ചു. 222 പേർക്ക് ഗ്രൂപ്പ് കൗൺസിലിംഗും 386 പേർക്ക് സൈക്കോസോഷ്യൽ ഇന്റർവെൻഷനും 18 പേർക്ക് ഫാർമാക്കോ തെറാപ്പിയും നൽകി.

ആരോഗ്യ വകുപ്പിന്റെ ഹെൽത്ത് ടീം ഇതുവരെ 1592 വീടുകൾ സന്ദർശിച്ച് ആരോഗ്യ പരിചരണം ഉറപ്പാക്കി. ഇന്ന് മാത്രം 12 ഹെൽത്ത് ടീമുകൾ 274 വീടുകൾ സന്ദർശിച്ചു. പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോകോൾ പ്രധാനമായും ശ്രദ്ധിക്കണം. ആരോഗ്യ വനിത ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് ക്യാമ്പുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തണം. പോരായ്മകൾ കണ്ടെത്തി അടിയന്തരമായി പരിഹരിക്കണം. ആയുഷ് മേഖലയിലെ സേവനം കൂടി ലഭ്യമാക്കുന്നുണ്ട്. ഇതുവരെ 91 ഡിഎൻഎ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ അവലോകന യോഗത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

# ഫൂട്ടേജ് ഓഗസ്റ്റ് 23ന്

സൈജു ശ്രീധരൻ മഞ്ജു വാര്യർ ഒരുമിക്കുന്ന ഫൂട്ടേജ് ഓഗസ്റ്റ് ഇരുപത്തിമൂന്നിന് മൂവിബക്കറ്റ് പ്രദർശനത്തിനെത്തിക്കുന്നു. ഓഗസ്റ്റ് രണ്ടിന് റിലീസിന് ഒരുങ്ങിയ ഫൂട്ടേജ്,വയനാട് ദുരന്തം മൂലമാണ് നീട്ടിവെച്ചത്.

മഞ്ജു വാരിയർക്കൊപ്പം വിശാഖ് നായർ, ഗായത്രി അശോക് എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

മൂവി ബക്കറ്റ്, കാസ്റ്റ് ആൻഡ് കോ, പെയിൽ ബ്ലൂ ഡോട്ട് പിക്ചേഴ്സ് എന്നിവയുടെ ബാനറിൽ ബിനീഷ് ചന്ദ്രൻ, സൈജു ശ്രീധരൻ എന്നിവർ ചേർന്ന്നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണംഷിനോസ് നിർവ്വഹിക്കുന്നു.

കോ പ്രൊഡ്യൂസർ രാഹുൽ രാജീവ്,സൂരജ് മേനോൻ,ലൈൻ പ്രൊഡ്യൂസർഅനീഷ് സി സലിം,ഷബ്ന മുഹമ്മദ്, സൈജു ശ്രീധരൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു,എഡിറ്റർസൈജു ശ്രീധരൻ,പ്രൊഡക്ഷൻ കൺട്രോളർകിഷോർ പുറക്കാട്ടിരി, കലാസംവിധാനം അപ്പുണ്ണി സാജൻ, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരംസമീറ സനീഷ്, സ്റ്റിൽസ് രോഹിത് കൃഷ്ണൻ,സ്റ്റണ്ട് ഇർഫാൻ അമീർ, വി എഫ് എക്സ് മിൻഡ്സ്റ്റിൻ സ്റ്റുഡിയോസ്, പ്രൊമൈസ് സ്റ്റുഡിയോസ്, ഡിഐ കളർ പ്ലാനറ്റ് സ്റ്റുഡിയോസ്, കളറിസ്റ്റ് രമേശ് സി പി, ഫിനാൻസ് കൺട്രോളർ അഗ്നിവേശ്,സൗണ്ട് ഡിസൈൻനിക്സൺ ജോർജ്,സൗണ്ട് മിക്സ് സിനോയ് ജോസഫ്,ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രിനിഷ് പ്രഭാകരൻ,അസോസിയേറ്റ് എഡിറ്റർ ആൾഡ്രിൻ ജൂഡ്, ഗാനങ്ങൾ ആസെകീപ്സെർച്ചിംഗ്, പോസ്റ്റേഴ്സ് എസ്തറ്റിക് കുഞ്ഞമ്മ,മാർക്കറ്റിംഗ്ഹൈറ്റ്സ്,പി ആർ ഒഎ എസ് ദിനേശ്.






# ടോക്സിക് തുടങ്ങി

റോക്കിങ് സ്റ്റാർ യാഷ് നായകനാകുന്ന ടോക്സികിന്റെ ചിത്രീകരണം ഇന്ന് ബാംഗ്ലൂരിൽ ആരംഭിച്ചു. യാഷിന്റെ ബ്ലോക്ക് ബസ്റ്റർ ചിത്രം കെജിഎഫ് 2 എത്തിയിട്ട് 844 ദിനങ്ങൾ കഴിയുന്ന ദിനത്തിലാണ് ടോക്സികിന്റെ ചിത്രീകരണം ആരംഭിക്കുന്നത്. ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ടോക്സികിന്റെ ഓരോ അപ്ഡേറ്റും ട്രെൻഡിങ്ങാണ്.

കെവിഎൻ പ്രൊഡക്ഷൻസിനന്റെ ബാനറിൽ വെങ്കട്ട് കെ നാരായണയും മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസും ചേർന്നാണ് ടോക്സിക് നിർമ്മിക്കുന്നത്. യാഷിന്റെ പത്തൊൻപതാം സിനിമയാണിത്. ടോക്സിക് എ ഫെയറി ടെയിൽ ഫോർ ഗ്രൗൺഅപ്സ് എന്നാണ് ചിത്രത്തിന്റെ ടാഗ് ലൈൻ.ചിത്രത്തിലെ മറ്റു താരങ്ങളെക്കുറിച്ചും അണിയറപ്രവർത്തകരെക്കുറിച്ചുമുള്ള വിവരങ്ങൾ വരും ദിനങ്ങളിൽ അണിയറപ്രവർത്തകർ അറിയിക്കും. പി ആർ ഓ പ്രതീഷ് ശേഖർ.

# ഭരതനാട്യം




സൈജു കുറുപ്പിനെ നായകനാക്കി നവാഗതനായ കൃഷ്ണദാസ് മുരളി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന

'ഭരതനാട്യം' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ആഗസ്റ്റ് ഇരുപത്തിമൂന്നിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽസായ്കുമാർ, കലാരഞ്ജിനി, മണികണ്ഠൻ പട്ടാമ്പി, അഭിരാം രാധാകൃഷ്ണൻ ,നന്ദു പൊതുവാൾ,സോഹൻ സീനുലാൽ,ദിവ്യ എം നായർ, ശ്രീജ രവി,പാൽതൂ ജാൻവർ ഫെയിം ശ്രുതി സുരേഷ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. തോമസ് തിരുവല്ലാ ഫിലിംസിന്റെ ബാനറിൽ ലിനി മറിയം ഡേവിഡ്, സൈജു ക്കുറുപ്പ് എന്റർടൈൻമെന്റിന്റെ ബാനറിൽ അനുപമ നമ്പ്യാർഎന്നിവർ ചേർന്ന് ഒരുക്കുന്ന'ഭരതനാട്യം ' എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ബബ്ലു അജു നിർവ്വഹിക്കുന്നു.മനു മഞ്ചിത്ത് എഴുതിയ വരികൾക്ക് സാമുവൽ എബി ഈണം പകരുന്നു.എഡിറ്റിംഗ്ഷഫീഖ് വി ബി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ മയൂഖ കുറുപ്പ്, ശ്രീജിത്ത് മേനോൻ പ്രൊഡക്ഷൻ കൺട്രോളർജിതേഷ് അഞ്ചുമന,കലാസംവിധാനം ബാബു പിള്ള,മേക്കപ്പ്മനോജ് കിരൺ രാജ്,കോസ്റ്റ്യൂംസ് ഡിസൈൻ സുജിത് മട്ടന്നൂർ,സ്റ്റിൽസ് ജസ്റ്റിൻ ജയിംസ്,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ സാംസൺ സെബാസ്റ്റ്യൻ,അസോസിയേറ്റ് ഡയറക്ടർഅരുൺ ലാൽ, അസിസ്റ്റന്റ് ഡയറക്ടർആൽസിൻ ബെന്നി, കൃഷ്ണ മുരളി, വിഷ്ണു ആർ പ്രദീപ്,സൗണ്ട് ഡിസൈനർധനുഷ് നായനാർ, സൗണ്ട് മിക്സിംഗ്വിപിൻ നായർ,വിഎഫ്എക്സ്ജോബിൻ ജോസഫ്,പ്രൊഡക്ഷൻ എക്സിക്യുട്ടീവ്സ്. കല്ലാർ അനിൽ,ജോബി ജോൺ,പരസ്യക്കലയെല്ലോ ടൂത്ത്സ്,പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അമീബിക്ക് മസ്തിഷ്ക ജ്വരം: ജലാശയങ്ങളിൽ കുളിച്ചവർക്ക് രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടണം

**തിരുവനന്തപുരം:** അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) തിരുവനന്തപുരത്ത് 3 പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കുളം, തോട് തുടങ്ങിയ ജലാശയങ്ങിൽ കുളിച്ചവർക്ക് രോഗലക്ഷണങ്ങൾ കണ്ടാൽ അത് പറഞ്ഞ് ചികിത്സ തേടണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇത്തരം ജലവുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കം ഉണ്ടായിട്ടുള്ളവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി അക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്. 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്. അതിനാൽ ആരംഭത്തിൽ തന്നെ രോഗം കണ്ടെത്തി ചികിത്സിക്കുന്നത് പ്രധാനമാണ്. ലോകത്ത് തന്നെ രോഗമുക്തി കൈവരിച്ചിട്ടുള്ളത് ആകെ 11 പേർ മാത്രമാണ്. കേരളത്തിൽ രണ്ട് പേരാണ് ഇതുവരെ രോഗമുക്തി നേടിയത്. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ ഏകോപനത്തിൽ ഫലപ്രദമായ ചികിത്സ ഉറപ്പ് വരുത്തിയതായും മന്ത്രി വ്യക്തമാക്കി.

പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളങ്ങളിലെ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. വർഷങ്ങളായി വൃത്തിയാക്കാത്ത വാട്ടർ ടാങ്കിലെ വെള്ളം ഉപയോഗിക്കുന്നവരും ശ്രദ്ധിക്കണം. ചെളി കെട്ടിക്കിടക്കുന്ന വെള്ളത്തിൽ അമീബ ഉണ്ടായേക്കാം. മൂക്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, തലയിൽ ക്ഷതമേറ്റവർ, തലയിൽ ശസ്ത്രക്രിയ്ക്ക് വിധേയമായവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും തോട്ടിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ ഒരു തരത്തിലും വലിച്ചു കയറ്റുകയോ ചെയ്യരുത്. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഇതൊരു പകർച്ചവ്യാധിയല്ല. മിക്കവാറും ജലാശയങ്ങളിൽ അമീബ കാണാം. വേനൽക്കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നതോടെയാണ് അമീബ വർധിയ്ക്കുകയും കൂടുതലായി കാണുകയും ചെയ്യുന്നത്. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചെളിയിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പിസിആർ പരിശോധനയിലൂടെയാണ് രോഗം സ്ഥിരീകരിക്കുന്നത്. അമീബയ്ക്കെതിരെ ഫലപ്രദമെന്ന് കരുതുന്ന 5 മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. എത്രയും വേഗം മരുന്നുകൾ നൽകിത്തുടങ്ങുന്നവരിലാണ് രോഗം ഭേദമാക്കാൻ സാധിക്കുന്നത്. അതിനാൽ രോഗലക്ഷണങ്ങൾ തുടങ്ങി എത്രയും വേഗം മരുന്നുകൾ നൽകേണ്ടതാണ്. അതിലൂടെ മരണനിരക്ക് കുറയ്ക്കാൻ സാധിക്കും.

# മിഷൻ ബെറ്റർ ടുമോറോ പദ്ധതി നിറ്റാ ജലാറ്റിൻ ഡിവിഷനിൽ ആരംഭിച്ചു

**കൊച്ചി:** വിദ്യാഭ്യാസ മേഖലയിൽ നിറ്റ ജലാറ്റിൻ ഇന്ത്യ നടപ്പാക്കി വരുന്ന മിഷൻ ബെറ്റർ ടുമോറോ പദ്ധതി ജലാറ്റിൻ ഡിവിഷനിലും ആരംഭിച്ചു. എട്ട്, ഒമ്പത് ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ശാക്തീകരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന പരിശീലന പദ്ധതി നന്മ ഫൗണ്ടേഷനുമായി സഹകരിച്ചാണ് നടത്തുന്നത്.2019 മുതൽ നിറ്റ ജലാറ്റിന്റെ കാതിക്കുടം ഓസീൻ ഡിവിഷനിൽ നടത്തി വരുന്ന പദ്ധതി ഇതാദ്യമായാണ് ജലാറ്റിൻ ഡിവിഷനിൽ തുടങ്ങിയത്. 50 വിദ്യാർത്ഥികൾക്കാണ് ജലാറ്റിൻ ഡിവിഷന്റെ ആദ്യ ബാച്ചിൽ പരിശീലനം നൽകുന്നത്. ഇതോടൊപ്പം കാതിക്കുടം ഓസിൻ ഡിവിഷന് കീഴിലുള്ള അഞ്ചാം ബാച്ചിന്റെ ഉദ്ഘാടനവും നടന്നു. 35 വിദ്യാർത്ഥികളെയാണ് അഞ്ചാം ബാച്ചിലേക്ക് തെരഞ്ഞെടുത്തത്.

കൊച്ചി ജലാറ്റിൻ ഡിവിഷനിൽ നടന്ന ചടങ്ങിൽ എഡിജിപി പി.വിജയൻ രണ്ടു ബാച്ചുകളുടെയും ഉദ്ഘാടനം നിർവഹിച്ചു.

നിറ്റാ ജലാറ്റിൻ ഇന്ത്യ മാനേജിങ് ഡയറക്ടർ പ്രവീൺ വെങ്കിട്ടരമണൻ അധ്യക്ഷത വഹിച്ചു. കാതിക്കുടത്തെ മൂന്ന് പഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 35 വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും പരിശീലനം നൽകി വരുന്ന നിറ്റ എംബിറ്റി പദ്ധതി കൂടി പരിഗണിച്ചായിരുന്നു ഈ വർഷത്തെ ബെസ്റ്റ് സി.എസ്.ആർ പുരസ്കാരം നിറ്റ ജലാറ്റിൻ ഇന്ത്യയ്ക്ക് ലഭിച്ചതെന്ന് പ്രവീൺ വെങ്കിട്ടരമണൻ പറഞ്ഞു.

ചടങ്ങിൽ കമ്പനി മുൻ എം ഡി സജിവ് കെ മേനോൻ, ഡയറക്ടർ നന്ദകുമാർ, ജനറൽ മാനേജർമാരായ ജി പ്രവീൺ , പോളി സെബാസ്റ്റ്യൻ, തൃക്കാക്കര അസിസ്റ്റന്റ് പോലീസ് കമ്മിഷണർ പി എൻ ബേബി, മുൻ മിസ്സ് കേരളകൂടിയായ ഡോക്ടർ സരസ്വതി മോഹൻ, എംപ്ലോയീസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ഷാനവാസ്, എച്ച് ആർ മേധാവി നിമിഷ ഗോപു തുടങ്ങിയവർ സംസാരിച്ചു.

# പ്രൈമസ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി

**കൊച്ചി:** അൾട്രാ ഹൈ നെറ്റ് വർത്ത് വിഭാഗത്തിൽ പെട്ട വ്യക്തികൾക്കായി ആക്സിസ് ബാങ്കും വീസയും ചേർന്ന് പ്രൈമസ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി.



ന്യൂഡൽഹിയിലേയും മുംബൈയിലേയും തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായാണ് പ്രൈമസ് അവതരിപ്പിച്ചിരിക്കുന്നത്. ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരിയും വീസ ഇന്ത്യ, സൗത്ത് ഏഷ്യ ഗ്രൂപ്പ് കൺട്രി മാനേജർ സന്ദീപ് ഘോഷും ചേർന്നാണ് കാർഡ് പുറത്തിറക്കിയത്. ആക്സിസ് ബാങ്കിൽ നിന്നുള്ള ക്ഷണം അനുസരിച്ചു മാത്രമാവും ഈ കാർഡുകൾ ലഭിക്കുക.

ആഗോള തലത്തിൽ പ്രസിദ്ധമായ ബെസ്പോക് പ്രിവിലേജുകളും ആനുകൂല്യങ്ങളും ഇതാദ്യമായി ഇന്ത്യയിലെ ഉപഭോക്താക്കൾക്കും ഇതിലൂടെ ലഭ്യമാകുമെന്ന് ആക്സിസ് ബാങ്ക് റീട്ടെയിൽ അസറ്റ്സ്, കാർഡ്സ് ആൻറ് പെയ്മെൻറ് വിഭാഗം മേധാവിയും ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ അർജുൻ ചൗധരി പറഞ്ഞു.

ബാങ്കിൻറെ വളർച്ച ത്വരിതപ്പെടുത്തും വിധം പ്രീമിയം സേവനങ്ങൾ അവതരിപ്പിക്കുന്നതിൽ തങ്ങൾ ഗണ്യമായ ശ്രദ്ധയാണു പതിപ്പിക്കുന്നതെന്നും അർജുൻ ചൗധരി പറഞ്ഞു. സവിശേഷമായ ആനുകൂല്യങ്ങളും അതുല്യമായ അനുഭവവുമായിരിക്കും ഇതിലൂടെ ലഭിക്കുകയന്ന് വീസ ഇന്ത്യ, സൗത്ത് ഏഷ്യ ഗ്രൂപ്പ് കൺട്രി മാനേജർ സന്ദീപ് ഘോഷ് പറഞ്ഞു.

# ആർദ്ര കേരള പുരസ്കാരം; അഭിമാന നേട്ടവുമായി എറണാകുളം ജില്ലാ പഞ്ചായത്ത്

**കൊച്ചി:** ആരോഗ്യ മേഖലയിലെ സമഗ്രമായ ഇടപെടലിനുള്ള അംഗീകാരമായി സംസ്ഥാന സർക്കാരിന്റെ ആർദ്ര കേരള പുരസ്ക്കാരം ഒന്നാം സ്ഥാനം എറണാകുളം ജില്ല പഞ്ചായത്ത് കരസ്ഥമാക്കി. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 202223 സാമ്പത്തിക വർഷം എറണാകുളം ജില്ലാ പഞ്ചായത്ത് ആരോഗ്യമേഖലയിലും ആരോഗ്യ അനുബന്ധ മേഖലയിലും നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ആർദ്ര കേരളപുരസ്കാരം എറണാകുളം ജില്ലാ പഞ്ചായത്തിന് ലഭിച്ചത്.

എറണാകുളം ജില്ലാ പഞ്ചായത്ത് 202223 സാമ്പത്തിക വർഷം ആരോഗ്യമേഖലയിൽ 7,25,76,693/രൂപ (ഏഴ് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ) ചെലവഴിച്ച് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട നിരവധി പദ്ധതികളാണ് നടപ്പിലാക്കിയത്. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മൂന്ന് ജില്ലാ ആശുപത്രികൾ വഴി സ്നേഹ സ്പന്ദനം എന്ന പേരിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി.

കാരുണ്യസ്പർശം ഡയാലിസിസ് തുടർചികിത്സാ സഹായപദ്ധതി ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി. നിർദ്ധനരായ നിരവധി ഡയാലിസിസ് രോഗികൾക്ക് ഇതുമൂലം സഹായം ലഭിച്ചു.

